# വിദ്യ സ്വർഗത്തിലേക്കുള്ള പാത

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ : مَنْ سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا سَهَّلَ اللَّهُ لَهُ طَرِيقًا الَى الْجَنَّةَ

**അബൂഹുറൈറ (റ) ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "അറിവ് നേടാനായി സഞ്ചരിക്കുന്നവന്, സ്വർഗത്തിലേക്കുള്ള വഴി അല്ലാഹു എളുപ്പമാക്കിക്കൊടുക്കും" (തിർമിദി).**

വിജ്ഞാന സമ്പാദനത്തിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്ന പ്രവാചക വചനമാണിത്. അറിവ് നേടാനായുള്ള സഞ്ചാരം, സ്വർഗ പ്രവേശനം എളുപ്പമാക്കുന്നു എന്നത് മുഴുവൻ വിശ്വാസികൾക്കും പ്രചോദകമാകേണ്ടതാണ്. ഇസ്‌ലാം വിജ്ഞാനത്തെ ഭൗതികമെന്നോ, ആത്മീയമെന്നോ വേർതിരിച്ചിട്ടില്ല. ഉപകാരപ്രദമായ എല്ലാ അറിവുകളും പരമാവധി സ്വായത്തമാക്കാനാണത് ആഹ്വാനം ചെയ്യുന്നത്. 'അറിവ് വിശ്വാസിയുടെ കളഞ്ഞുപോയ സമ്പത്താണ്. അതെവിടെ കണ്ടാലും വിശ്വാസിക്കെടുക്കാവുന്നതാണ്' (തിർമിദി), 'ചൈനയിൽ പോയാണെങ്കിലും, വിദ്യ അഭ്യസിക്കൂ' തുടങ്ങിയ വചനങ്ങൾ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. വിശുദ്ധ ഖുർആനിൽ നിന്നും തിരു സുന്നത്തിൽ നിന്നും നേടിയ വിജ്ഞാനത്തെ അടിസ്ഥാനമാക്കി ഒരു മുസ്‌ലിം മറ്റെല്ലാ അറിവുകളെയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അനുഭവം, നിരീക്ഷണം, ഗവേഷണം തുടങ്ങിയ എല്ലാ വിജ്ഞാനമാർഗങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം. അതേ സമയം, ഇങ്ങനെ ലഭ്യമാകുന്ന അറിവുകളിലൊന്നിനും ദിവ്യജ്ഞാനത്തിന്റെ വെളിച്ചത്തിലല്ലാതെ മനുഷ്യന് നേർവഴി കാട്ടാൻ കഴിയില്ലെന്ന കാര്യം മറക്കരുത്. 'അറിയുക' എന്ന പ്രവൃത്തിയിലൂടെ യഥാർഥവും അന്തിമവുമായ ലക്ഷ്യവുമായി മനുഷ്യനെ ബന്ധപ്പെടുത്തുന്നത് ഖുർആനും തിരുസുന്നത്തുമാണ്.

നബി തിരുമേനി (സ) പറഞ്ഞു: " നന്മയിലേക്ക് നയിക്കുകയും തിന്മ തടയുകയും ചെയ്യുന്ന അറിവാണ് ഉൽക്കൃഷ്ടം. ഒരാളുടെ ബുദ്ധി നേരെയാവാത്ത കാലത്തോളം ഭക്തിയും നേരെയാവില്ല" (ത്വബ്റാനി).

ജീവശാസ്ത്രം, ഗോളശാസ്ത്രം, ഭ്രൂണ ശാസ്ത്രം തുടങ്ങി വൈവിധ്യമാർന്ന വിജ്ഞാനങ്ങൾ സ്വായത്തമാക്കാൻ പ്രേരിപ്പിക്കുന്ന അനേകം ആഹ്വാനങ്ങൾ ഖുർആനിലും നബി വചനങ്ങളിലും കാണാം. വിജ്ഞാനം എന്തായിരുന്നാലും, ലക്ഷ്യം ദൈവ പ്രീതി ആർജിക്കുക എന്നതായിരിക്കണം.

അന്യഭാഷകൾ പഠിക്കാൻ റസൂൽ (സ) അനുയായികളെ പ്രോത്സാഹിപ്പിക്കാറുണ്ടായിരുന്നു. തന്റെ എഴുത്തുകാരൻ കൂടിയായ സൈദുബ്നു സാബിത്തിനോട് സുറിയാനി പഠിക്കാനാവശ്യപ്പെടുകയും സൈദ് അത് പഠിക്കുകയും ജൂതന്മാരുമായി ആ ഭാഷയിൽ കത്തിടപാടുകൾ നടത്തുകയും ചെയ്തിരുന്നതായി ചരിത്രത്തിൽ കാണാം.

**വിശുദ്ധ ഖുർആനിൽ നിന്നും തിരു സുന്നത്തിൽ നിന്നും നേടിയ വിജ്ഞാനത്തെ അടിസ്ഥാനമാക്കി ഒരു മുസ്‌ലിം മറ്റെല്ലാ അറിവുകളെയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അനുഭവം, നിരീക്ഷണം, ഗവേഷണം തുടങ്ങിയ എല്ലാ വിജ്ഞാനമാർഗങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം.**

പാണ്ഡിത്യത്തിന്റെ ശ്രേഷ്ഠതയും വിജ്ഞാന സമ്പാദനം കൊണ്ടുള്ള നേട്ടങ്ങളും വിവരിക്കുന്ന ധാരാളം ഹദീസുകളുണ്ട്. "രണ്ടു കൂട്ടരിലൊഴികെ അസൂയ പാടില്ല. അല്ലാഹു നൽകിയ സമ്പത്ത് സത്യമാർഗത്തിൽ ചെലവഴിക്കുകയും അല്ലാഹു നൽകിയ അറിവ് അടിസ്ഥാനമാക്കി തീരുമാനങ്ങളെടുക്കുന്നതോടൊപ്പം ആ അറിവ് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുകയും ചെയ്യുന്നവരാണ് ആ രണ്ട് കൂട്ടർ "(ബുഖാരി).

"അല്ലാഹുവും അവന്റെ മലക്കുകളും ആകാശ ഭൂമികളിലുള്ള സകല സൃഷ്ടികളും - പുറ്റിലെ ഉറുമ്പും കടലിലെ മത്സ്യങ്ങളുമെല്ലാം ജനങ്ങൾക്ക് സന്മാർഗം കാണിച്ചു കൊടുക്കുന്ന അറിവ് നൽകുന്നവന് വേണ്ടി പ്രാർഥിക്കുന്നു" (തിർമിദി). ■